# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7535 — 17.07.2012 ൽ മറുപടിക്ക്

**പഞ്ചായത്ത് പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ: | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി ) |
| (എ) പഞ്ചായത്ത് പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ശുചീകരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് അതത് ഗ്രാമ പഞ്ചായത്തുകൾ തന്നെയാണ്. |
| (ബി) പല പഞ്ചായത്തുകളിലും ശുചീകരണ പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കാൻ യോഗ്യരായ ജീവനക്കാരില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും പഞ്ചായത്തുഭരണ സമിതികൾ നിയമിക്കുന്ന പാർട്ട് ടൈം/ ഫുൾ ടൈം സ്വീപ്പർമാർ/ റോഡ് സ്വീപ്പർമാർ/ മാർക്കറ്റ് സ്വീപ്പർമാർ എന്നിവർ മുഖാന്തിരമാണ് റോഡ്, മാർക്കറ്റ് തുടങ്ങിയവയുടെ ശുചീകരണ പ്രവർത്തനങ്ങൾ നിർവ്വഹിച്ചു വരുന്നത്. എന്നാൽ പല പഞ്ചായത്തുകളിലും മതിയായ പാർട്ട് ടൈം തസ്തികകൾ നിലവിലില്ലാത്തതിനാൽ വർദ്ധിച്ചു വരുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാൻ കഴിയുന്നില്ല. ചില ഗ്രാമ പഞ്ചായത്തുകൾ കരാറടിസ്ഥാനത്തിലും/ ദിവസക്കൂലി വ്യവസ്ഥയിലും ആളുകളെ നിയമിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്ന രീതിയാണ് ഇപ്പോൾ അവലംബിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ